## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4082 — 12.12.2018 ൽ മറുപടിയ്ക്ക്

## മാവേലി സ്റ്റോറുകളും സൂപ്പർമാർക്കറ്റുകളും ആരംഭിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.വി.അബ്ദുറഹിമാൻ

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊതു മാർക്കറ്റിലെ വില നിലവാരം പിടിച്ചുനിർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന സപ്ലൈകോ കൂടുതൽ മാവേലി സ്റ്റോറുകളും സൂപ്പർമാർക്കറ്റുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സപ്ലൈകോ കൂടുതൽ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സൂപ്പർമാർക്കറ്റുകളും മാവേലി സ്റ്റോറുകളും പുതുതായി ആരംഭിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിൽ സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകളിൽ പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് 5 വർഷത്തേക്ക് വാടക രഹിത കെട്ടിടവും കമ്പ്യൂട്ടറും മറ്റ് അനുബന്ധ സാമഗ്രികൾക്കുമായി ഒരു ലക്ഷം രൂപയും ബന്ധപ്പെട്ട പഞ്ചായത്ത് ലഭ്യമാക്കണം. ഒരു പഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് ആജീവനാന്തകാല വാടക രഹിത കെട്ടിടവും ഒരു ലക്ഷം രൂപയുമാണ് ലഭ്യമാക്കേണ്ടത്. കെട്ടിടം ലഭ്യമായാൽ സാദ്ധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് പുതിയ മാവേലി സ്റ്റോറുകൾക്കും സൂപ്പർ മാർക്കറ്റുകൾക്കും അനുമതി നൽകുന്നു. പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് വിൽപ്പന സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ കുറഞ്ഞത് 1000 ച. അടി വിസ്തീർണ്ണമുള്ള അനുയോജ്യമായ കെട്ടിടം ന്യായമായ വാടക നിരക്കിൽ ലഭ്യമാകേണ്ടതുണ്ട്. കൂടാതെ 10 |

| | | | |
|---|---|---|---|
| | | | ലക്ഷത്തിലധികം വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ